

**JOSCO BOOKS**

MANNANAM (P.O)
KOTTAYAM - 686 561.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# വിശുദ്ധ യൗസേപ്പ്

## ചരിത്രം


തയ്യാറാക്കിയത്:

**ജോസഫ് അറേക്കാട്ടിൽ**



പ്രസാധകർ:

**ജോസ്കോ ബുക്സ്**

മാന്നാനം — 686 561



malankaralibrary.com

# VISUDHA OUSEPH

CHARITHRAM

(Malayalam)

By
JOSEPH AREKKATTIL

First Edition December 1996

Second Edition March 1998

Third Edition May 1999

Published by:

Josco Books Mannanam-686 561

Printed at St. Joseph's Press Mannanam

Price Rs. 6/-

malankaralibrary.com

# പ്രസ്താവന

1996 ഡിസംബർ ഒന്നാം തീയതി എനിക്ക് അറു പതു വയസ്സ് പൂർത്തിയായിരിക്കുന്നു. നല്ലവനായ ദൈവം എനിക്കു നൽകിയിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾക്ക് ഈ സുന്ദരവേളയിൽ ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. തുടർന്നും ദൈവേഷ്ടമനുസരിച്ച് ജീവിക്കുവാൻ വേണ്ട അനുഗ്രഹം നൽകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഞാൻ തയ്യാറാക്കുന്ന അഞ്ചാമത്തെ ചെറുഗ്രന്ഥം—എന്റെ നാമഹേതുകനായ വിശുദ്ധ യൗസേപ്പ‌പിതാവിന്റെ ചരിത്രം—എന്റെ അറുപതാം ജന്മദിനത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. പരിശുദ്ധ കന്യകമറിയത്തിന്റെ നാമത്തിലുള്ള എന്റെ പ്രിയപ്പെട്ട ഇടവകദേവാലയത്തിൽ അക്കൗണ്ടന്റായി ഔദ്യോഗികജീവിതം ആരംഭിച്ച ഞാൻ ഇപ്പോൾ വിശുദ്ധ യൗസേപ്പ‌പിതാവിന്റെ നാമത്തിലുള്ള മാന്നാനം സി. എം. ഐ. ആശ്രമംവക പ്രസ്സിലെ അക്കൗണ്ടന്റ് സ്ഥാനത്തുനിന്നും ഔദ്യോഗിക ജീവിതം അവസാനിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസമോ പാണ്ഡിത്യമോ ഇല്ലാത്ത എനിക്ക് നാലഞ്ചു ലഘുഗ്രന്ഥങ്ങളും ഏതാനും ലേഖനങ്ങളും തയ്യാറാക്കുവാൻ സാധിച്ചത് ദൈവാനുഗ്രഹവും സ്നേഹിതരുടെ പ്രോത്സാഹനവും മൂലമാണ്. സെന്റ് ജോസഫ്സ് പ്രസ്സിലെ സേവനകാലത്ത് പ്രൂഫ് വായന, ബുക്കുസ്റ്റാളിന്റെ മേൽനോട്ടം, കർമ്മെലകുസുമം മാസിക സബ്ബ് എഡിററർ ഈ ചുമതലകൾ ആശ്രമാധി

malankaralibrary.com

പർ എനിക്ക് നൽകിയത്തും സാഹിത്യരചനകൾക്ക് പ്രചോദനമായി എന്ന വസ്തുത നന്ദിയോടെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു.

വി. യൗസേപ്പപിതാവിനെക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ചില ഗ്രന്ഥങ്ങൾ ഈ രചനയ്ക്ക് എനിക്ക് സഹായകമായിട്ടുണ്ട്. ഈ ഗ്രന്ഥത്തിന് എല്ലാവരുടെയും പ്രോത്സാഹനം ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എൻെറ അധികാരികൾ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ ഇവരേവർക്കും ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

ആർപ്പൂക്കര, ജോസഫ് അറേക്കാട്ടിൽ.
1–12–1996.

malankaralibrary.com

# വിശുദ്ധ യൗസേപ്പ്

## ആമുഖം

നമ്മുടെ ആദിമാതാപിതാക്കളുടെ പാപം നിമിത്തം പൈശാചികമായ പാരതന്ത്ര്യത്തിൽ അകപ്പെട്ട മനുഷ്യവംശത്തോട്ട് കാരുണ്യംതോന്നിയ സർവ്വശക്തനായദൈവം അവരെ ആ പാരതന്ത്ര്യത്തിൽനിന്നും മോചിപ്പിക്കുവാനും സ്വാതന്ത്ര്യത്തിൻെറ പുതുയുഗത്തിലേയ്ക്കു് നയിക്കുവാനും പദ്ധതിയിട്ടു. ദൈവംതന്നെ മനുഷ്യനായി അവതരിക്കുവാനും മനുഷ്യരുടെ ഇടയിൽ വസിച്ച് കഷ്ടതകളിലും ബുദ്ധിമുട്ടുകളിലും അവരോടിടപഴകി പാടുപീഡകൾ സഹിച്ചു കുരിശുമരണം വരിച്ച് മരണത്തെജയിച്ചുടക്കി ഉത്ഥിതനായി സ്വർഗ്ഗാരോഹണം ചെയ്യുക എന്ന പദ്ധതിക്കു് ചുരുക്കംചില മനുഷ്യവ്യക്തികളുടെ സഹകരണം ദൈവം പ്ലാൻചെയ്തിരുന്നു. ഇതിൻെറ മുന്നോടിയെന്നോണം പാപാന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾക്കു് പ്രവാചകന്മാർവഴി ദൈവം മുന്നറിയിപ്പും സദുപദേശങ്ങളും നൽകിയതിൻെറ ഫലമായി അനേകർ സത്യസ്രഷ്ടാവിൽ വന്നുചേരുകയും മററനേകർ പ്രവാചകദൗത്യം ചെവിക്കൊള്ളാതെ നാശഗർത്തത്തിൽ പതിക്കുകയും ചെയ്തു. കാലത്തിൻെറ പൂർത്തിയിൽ മനുഷ്യാവതാരത്തിനു മുന്നോടിയായി സ്നാപകയോഹന്നാനെ ദൈവം അയച്ച് രക്ഷകനു വഴിയൊരുക്കി.

malankaralibrary.com

ദൈവത്തിന്നു മനുഷ്യനായി ജനിക്കുവാൻ ഒരു മനുഷ്യസ്ത്രീ ആവശ്യമായിരുന്നു. അയതിന് അന്നുവരെ ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏററവും പരിശുദ്ധയായ ഒരു സ്ത്രീയെ—മറിയത്തെ—ദൈവം തെരഞ്ഞെടുത്തു. ദൈവികശക്തിയാൽ അവതീർണ്ണനാകുന്ന ഈ ദൈവികമനുഷ്യന് പിതാവായി ഒരു മനുഷ്യവ്യക്തിയെ ആവശ്യമില്ല. ഉണ്ടാകട്ടെ എന്ന ഒററവാക്കാൽ ഈ ലോകവും അതിലെ സകല ചരാചരങ്ങളെയും സൃഷ്ടിച്ച ദൈവത്തിന് ശിശുവായി ജനിക്കുന്നതിന് മനുഷ്യവ്യക്തിയുടെ സഹകരണം ഒട്ടും ആവശ്യമില്ല. എന്നാൽ അങ്ങനെ ലോകത്തിൽ അവതരിക്കുവാനല്ല ദൈവം ആഗ്രഹിച്ചത്. തികച്ചും ഒരു മനുഷ്യപുത്രനായി തന്നെ ജനിച്ച് വളർന്നുവരുവാനുള്ള നിശ്ചയമനുസരിച്ചാണ് മനുഷ്യസഹായവും കളങ്കരഹിതയായ മറിയത്തിൻെറ സഹകരണവും സ്വീകരിച്ചത്. എന്നാൽ മറിയത്തിൻെറ ഉദരത്തിൽ ദൈവകല്പനയാൽ ഉത്ഭവിക്കുന്നതുമുതൽ ദൈവകുമാരൻെറ മാതാവിന് വിശ്വസ്തനും ദൈവഭക്തനുമായ ഒരു സഹായി അഥവാ കരുത്തനായ ഒരു സംരക്ഷകൻ ആവശ്യമായിരുന്നു. ആയതിന് ദൈവം മുൻകൂട്ടി നിശ്ചയിച്ച് തെരഞ്ഞെടുത്ത വ്യക്തിയാണ് ദാവീദുവംശജനായ യാക്കോബിൻെറ പുത്രൻ യൗസേപ്പ്. മറിയത്തെപ്പോലെ ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏററം വിശിഷ്ടവ്യക്തിത്വത്തിൻെറ ഉടമയാണ് യൗസേപ്പ്. പ്രതിസന്ധികളുടെയും പ്രതിബന്ധങ്ങളുടെയും നടുവിൽ പതറാതെ വിശ്വസ്തതയോടെ കുഞ്ഞിനെയും മാതാവിനെയും സംരക്ഷിക്കുക, വളർത്തുക, ഈ ഏററം മഹത്തരമായ കൃത്യം തികഞ്ഞ അർപ്പണബോധത്തോടെ നിർവ്വഹിക്കുവാനാണ് ഈ വളർത്തുപിതാവിനെ ദൈവം തെരഞ്ഞെടുത്തത്. ഇപ്രകാരമൊരു മഹനീയ ദൗത്യം നിർവ്വഹിക്കുവാൻ ദൈവം തെരഞ്ഞെടുത്തതിൽനിന്നുതന്നെ യൗസേപ്പിൻെറ മഹത്വം വർദ്ധിക്കുന്നു. മാററാർക്കും ഒരുവിധത്തിലും നൽ

malankaralibrary.com

കാൻ സാധിക്കാത്ത അത്ര മഹത്വപൂർണ്ണമായ ഒരു സമുന്നതപദവി ഈ തെരഞ്ഞെടുപ്പിലൂടെ അദ്ദേഹത്തിനു ലഭിച്ചുകഴിഞ്ഞു.

പരിത്രാണകർമ്മത്തിൽ സഹരക്ഷകയായ പരിശുദ്ധകന്യകമറിയം കഴിഞ്ഞാൽ പിന്നെ ഏററം അടുത്ത വ്യക്തി വി. യൗസേപ്പാണ്. മാതാവു കഴിഞ്ഞാൽ ക്രൈസ്തവലോകം ഏററം ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നതു് യൗസേപ്പിതാവിനെയാണ്. ലോകമെമ്പാടുമുള്ള ക്രൈസ്തവരെപ്പോലെ ഭാരതത്തിലെക്രൈസ്തവരും യൗസേപ്പിതാവിനോടുള്ള ഭക്തിയിൽ മുൻപന്തിയിലാണ്. പ്രത്യേകിച്ചു് കേരളത്തിൽ അനേകം പള്ളികൾ യൗസേപ്പിതാവിൻെറ നാമത്തിൽ സ്ഥാപിതമായിട്ടുണ്ടു്. യൗസേപ്പിതാവിൻെറ നാമത്തിൽ ആരംഭിച്ചിട്ടുള്ള കലാലയങ്ങളും സ്ഥാപനങ്ങളും നിരവധിയാണ്. യൗസേപ്പ് എന്ന നാമധാരികളില്ലാത്ത ക്രൈസ്തവഭവനങ്ങൾ വളരെ ചുരുക്കമാണ്. അത്രയ്ക്കു മധുരതരമാണ് ആ നാമംതന്നെ. വിശുദ്ധൻെറ പരിലാളനയും മാദ്ധ്യസ്ഥശക്തിയും കൊണ്ടാവാം അദ്ദേഹത്തിൻെറ നാമധാരികളെല്ലാംതന്നെ സമൂഹത്തിൽ പൊതുവെ സമുന്നതസ്ഥാനികളാണ്. ജോസഫ്, ഔസേപ്പ്, ഔത, ജോസ് ഇങ്ങനെ പല നാമങ്ങൾ മലയാളികൾ ഉപയോഗിക്കുന്നു.

## ഈശോയുടെ വളർത്തുപിതാവ്

ദൈവപുത്രനായി ഈ ലോകത്തിൽ സാധാരണ മനുഷ്യവ്യക്തിയായിത്തന്നെ ജന്മമെടുക്കുന്ന ഈശോയ്ക്കു് വത്സലമാതാവിൻെറ തിരുവുദരത്തിൽ വളരുന്ന കാലത്തും ഈ ലോകത്തിൽ പിറന്നശേഷം ശൈശവദശയിലും ബാല്യകാലത്തും കൗമാരദശയിലും വാട്ടവും കോട്ടവുമില്ലാതെ വളർന്നുവരേണ്ടതിനു് തുണയും ആശ്രയവുമായി ഒരു മനുഷ്യവ്യക്തിയുടെ പൂർണ്ണമായ സഹായസഹകരണങ്ങൾ അനുപേക്ഷണീയമാണ്. മാതൃകാപരമായ ഒരു കുടുംബജീ

malankaralibrary.com

വിതത്തിന്റെ പൂർണ്ണതയ്ക്ക് അമ്മയും മകനും മാത്രമായി ജീവിക്കുകയല്ല ഭംഗി എന്നു മനസ്സിലാക്കിയ ദൈവം മറിയവുമായി വിവാഹനിശ്ചയം ചെയ്യുവാൻ യൗസേപ്പിനെ നിയോഗിക്കുകയായിരുന്നു.

ദൈവിക വെളിപാടാലായിരിക്കാം പ്രധാനാചാര്യൻ ഒരു നിർദ്ദേശം നൽകി. മറിയത്തെ വധുവായി സ്വീകരിക്കുവാൻ താല്പര്യമുള്ളവർ ഓരോരുത്തരും ഓരോ വടിയുമായി വരുവാൻ ഒരു ക്ലിപ്തസമയവും സ്ഥലവും കാണിച്ച് അറിയിപ്പുകൊടുത്തു. യഥാസമയത്ത് വളരെ പേർ വടിയുമായി സമ്മേളിച്ചു. പ്രധാനാചാര്യൻ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും മറിയത്തിന്റെ ഭർത്താവിനെ തെരഞ്ഞെടുക്കുന്നതിനുള്ള അടയാളം അത്ഭുതംവഴി സാധിച്ചുതരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. വടികളുമായി എത്തിയിട്ടുള്ളവരിൽ ദൈവം തെരഞ്ഞെടുക്കുന്ന ആളിന്റെ കൈയിലുള്ളവടി പുഷ്പിച്ചുകാണുവാൻ ഇടയാകണമെന്നായിരുന്നു പ്രാർത്ഥന. പച്ചമരക്കഷണത്തിൽ തീർത്ത മനോഹരമായ വടിയുമായി എത്തിയ അനേകം കുബേരപുത്രന്മാരുടെ ഇടയിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ഒരു ഉണക്കവടിയുമായി നിന്നിരുന്ന തച്ചനായ യൗസേപ്പിന്റെ വടിയാണ് പുഷ്പിച്ചത്. അങ്ങനെ ദൈവനിശ്ചയത്താൽ യൗസേപ്പിനെ മറിയത്തിന്റെ ഭർത്താവായി തെരഞ്ഞെടുത്തു. ഈ അത്ഭുതത്തിന്റെ ആധികാരികത എന്തായാലും പരമ്പരാഗതമായി പ്രചാരത്തിലുള്ളഒരു ഐതിഹ്യമാണിത്.വി. യൗസേപ്പിന്റെ തിരുസ്വരൂപവും ചിത്രങ്ങളും പുഷ്പവടി കൈകളിൽ പിടിച്ചിരിക്കുന്നതായി ചിത്രീകരിക്കുന്നതിനു കാരണം ഈ അത്ഭുതസംഭവമാണെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

വിവാഹനിശ്ചയത്തിനു ശേഷമാണ് ദൈവം മാലാഖാവഴി മറിയത്തെ മംഗലവാർത്തയറിയിച്ചത്. മറിയത്തിന്റെ ഉദരത്തിൽ വളരുന്നത് ദൈവപുത്രനാണെന്നുള്ള

malankaralibrary.com

വസ്തുതമനസ്സിലാക്കാതെ ബന്ധം ഉപേക്ഷിച്ചുപോകുവാൻ യൗസേപ്പിതാവ് തീരുമാനിക്കുകയായിരുന്നു. എന്നാൽ പ്രതിശ്രുത വധുവിൻെറ ആത്മാഭിമാനത്തിന് പോറൽ ഏല്ക്കാത്തവിധം വേർപാടിനു കളമൊരുക്കുവാനാണ് വി. യൗസേപ്പ് തീരുമാനിച്ചത്. ദൈവം മാലാഖയെ അയച്ച് സംശയനിവൃത്തി വരുത്തിയ നിമിഷംമുതൽ ദൈവഹിതത്തിനു പൂർണ്ണമായി കീഴ്‌വഴങ്ങി കലവറയില്ലാത്തവിധം മറിയത്തെ സ്നേഹിച്ച് സേവിച്ച് പരിചരിച്ച് ദിവസങ്ങൾ കഴിച്ചുകൂട്ടി. ഗർഭിണിയായ മറിയത്തെ പരിപാലിക്കുന്നതിനും മറിയത്തിന് ശാരീരികമായോ മാനസികമായോ ഒരു ബുദ്ധിമുട്ടും വരുത്താതിരിക്കുവാനും പരമാവധി മാനസിക ഉന്മേഷം മറിയത്തിനു ലഭിക്കത്തക്ക വിധത്തിൽ സമാധാനപൂർണ്ണവും സന്തോഷപ്രദവുമായ ഒരു കുടുംബജീവിതം അദ്ദേഹം നയിച്ചിരുന്നു.

പരിശുദ്ധ കന്യകമറിയത്തിൻെറ പിതാവ് യോവാക്കീൻ ബാവായും മാതാവ് അന്നാഉമ്മായും ഭക്തിജീവിതം നയിച്ചിരുന്ന ഉത്തമ ദമ്പതികളായിരുന്നു. അവരുടെ ദാമ്പത്യവല്ലരിയിൽ ഒരു ശിശു ജനിക്കാത്തതിൽ അവർ അത്യധികം വിഷമിച്ചു. ആ ദമ്പതികൾ മനസ്സുരുകി ദൈവത്തോടു പ്രാർത്ഥിച്ചു. അവരുടെ പ്രത്യാശയോടുകൂടിയുള്ള പ്രാത്ഥന ഒന്നല്ല, രണ്ടല്ല ദീർഘമായ ഇരുപതു വർഷം നീണ്ടുനിന്നു. ഫലസിദ്ധിയുണ്ടാകാത്തതിൻെറ പേരിൽ പ്രാത്ഥനയിൽനിന്നു പിന്മാറുവാനോ പിറുപിറുക്കുവാനോ അവർ ഒരുമ്പെട്ടില്ല. തപസ്സും പ്രാത്ഥനയും അവസാനം ഫലമണിഞ്ഞു. ദൈവജനനിയാകുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന മറിയമാണ് അവർക്കു ജനിച്ച അരുമശിശു. ഇവർക്കുണ്ടാകുന്ന കുഞ്ഞിനെ ദൈവശുശ്രൂഷയ്ക്കായി ദൈവസന്നിധിയിൽ പൂർണ്ണമായി സമർപ്പിച്ചുകൊള്ളാമെന്ന് പ്രാത്ഥനാവേളയിൽ അവർ വാഗ്ദാനം ചെയ്തിരുന്നു. അരുമശിശുവിനെ വേർപെടുന്നതിന് അത്യന്തം ദുഃഖം അവർക്കുണ്ടായിരുന്നെങ്കിലും മൂന്നു വയസ്സായപ്പോൾ

malankaralibrary.com

ശിശുവിനെ അവർ ദേവാലയത്തിൽ സമർപ്പിച്ചു. പ്രാർത്ഥനയിലും ദൈവിക ശുശ്രൂഷയിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് വളർന്നുവന്ന മറിയം വിവാഹപ്രായമെത്തി. സ്വന്ത ഗോത്രാചാരമനുസരിച്ച് വിവാഹം നിർബന്ധമായിരുന്നു. അവിവാഹിതരെ ശിക്ഷിക്കുന്ന നിയമമായിരുന്നു നിലനിന്നിരുന്നത്.

കന്യാത്വത്തിന് ഭംഗംവരാതെ ജീവിക്കുവാൻ നിശ്ചയം ചെയ്തിരുന്ന മറിയത്തിനു പക്ഷേ ഗോത്രനിയമം അനുസരിക്കാതെ നിവ്വാഹമില്ല. അതീവസുന്ദരിയായ മറിയത്തെ വിവാഹം ചെയ്യുവാൻ പല യുവാക്കളും സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. മറിയത്തിനു തക്ക ഒരു ഭർത്താവിനെ കണ്ടുപിടിക്കുന്നതിന് ദേവാലയാധികൃതരും പരിശ്രമമാരംഭിച്ചു.

ഒരു ശിശു തന്റെ മാതാവിന്റെ ഉദരത്തിൽ വളരുന്ന കാലഘട്ടത്തിലെ മാതാവിന്റെ മാനസികവും ശാരീരികവുമായ അവസ്ഥ, പിറക്കുന്ന ശിശുവിന്റെ മാനസികവും ആരോഗ്യപരവുമായ അവസ്ഥയെ കാര്യമായി സ്വാധീനിക്കുന്നതാണ്. ആധുനികലോകം ഈ വസ്തുത മനസ്സിലാക്കി ഗർഭിണികൾക്ക് പരമാവധി പരിഗണനയും സംരക്ഷയും നൽകുന്നു. എന്നാൽ അങ്ങനെയൊന്നും ചിന്തിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ വളരെ മഹത്തായ വിധമുള്ള ഒരു കുടുംബാന്തരീക്ഷം സൃഷ്ടിച്ച് ഒരു പരിധിവരെ ദിവ്യശിശുവിന്റെ സ്വഭാവരൂപീകരണത്തിനു മറിയത്തോടൊപ്പം വി. യൗസേപ്പും അത്യന്തം സഹകരിച്ചു എന്നത് ഒരു വസ്തുതയാണ്. അതുപോലെ ഗർഭിണിയായ മറിയത്തിനു പോഷകപ്രധാനമായ ഭക്ഷണം ക്രമീകരിക്കുന്നതിനും വി. യൗസേപ്പ് അത്യധികമായി ക്ലേശിച്ചിരുന്നു. മരപ്പണി ചെയ്തിരുന്ന ഒരു സാധാരണ തൊഴിലാളിയായിരുന്ന യൗസേപ്പിതാവ് ആ തൊഴിലിൽനിന്ന് കിട്ടുന്ന പരമാവധി തുകയും പാഴാക്കാതെ സന്തുഷ്ടമായ

malankaralibrary.com

ഒരു കുടുംബജീവിതം നയിക്കുന്നതിന് പരിശ്രമിച്ചിരുന്നു. അങ്ങനെ ദൈവം പ്രത്യേക പരിഗണന നൽകി യൗസേപ്പിതാവിനെ ഈശോയുടെ വളർത്തുപിതാവായി നിശ്ചയിച്ചെങ്കിൽ ആ കടമ അദ്ദേഹം നൂറുശതമാനം വിശ്വസ്തതയോടെ ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ നിറവേററിക്കൊണ്ട് ദൈവസന്നിധിയിൽ കൂടുതൽ സംപ്രീതിക്ക് പാത്രീഭൂതനായി. ഇങ്ങനെയുള്ള ഈ വിശുദ്ധൻ വഴി നാം അപേക്ഷിക്കുന്ന കാര്യങ്ങൾ അദ്ദേഹംവഴി നമുക്ക് ലഭിക്കുമെന്ന് നമുക്ക് ന്യായമായും പ്രതീക്ഷിക്കാം. അതുതന്നെയാണ് അദ്ദേഹത്തിന് ലോകസമക്ഷം ഇന്നുള്ള പ്രശസ്തിയും.

## പരിത്രാണന കർമ്മവും വി. യൗസേപ്പും

പരിശുദ്ധ കന്യകമറിയം ഗർഭിണിയാണെന്നറിഞ്ഞ പ്രതിശ്രുത വരനായ വി. യൗസേപ്പ് വിവാഹവാഗ്ദാനത്തിൽനിന്ന് വേർപിരിയുവാൻ ആദ്യം തീരുമാനിച്ചതിൽ അതിശയോക്തിയില്ല. എങ്കിലും അത് മറിയത്തിനോ കുടുംബത്തിനോ അപമാനം വരാത്ത രീതിയിലായിരിക്കണമെന്നുള്ള തീരുമാനത്തിലാണ്, അദ്ദേഹത്തിന്റെ വ്യക്തിപ്രാഭവം നാം ശ്രദ്ധിക്കേണ്ടത്. മാനുഷികമായി മാത്രം ചിന്തിച്ചാൽ ഏതൊരു പുരുഷനും ഇപ്രകാരമൊരു ബന്ധത്തിന് ഒരുമ്പെടുകയില്ല എന്നത് തീർച്ചയാണ്. സ്വാഭാവികമായുണ്ടാകാവുന്ന വെറും മാനുഷികമായ ഒരു ചിന്തമാത്രമാണ് ഔസേപ്പിതാവിൽ ആദ്യം കടന്നുകൂടിയത്. ഈ പരിതസ്ഥിതിയിൽ വിവാഹത്തിന് തയ്യാറാകാതെ ബന്ധം ഉപേക്ഷിച്ചുപോയാൽ ഒരു കാരണവശാലും സമൂഹം യൗസേപ്പിതാവിന്റെ പേരിൽ കുററം ആരോപിക്കുകയില്ല എന്നത് തീർച്ചയാണ്. എന്നാൽ അനന്തനന്മയായ ദൈവത്തിന്റെ പ്ലാൻ മറെറാന്നായിരുന്നു. വിവാഹനിശ്ചയത്തിനു മുമ്പുതന്നെ വേണമെങ്കിൽ ദൈവദൂതനെ അയച്ച് മംഗലവാർത്ത പ്രഖ്യാ

malankaralibrary.com

പനം നടത്തുവാൻ സാധിക്കുമായിരുന്നു. ഈശോമിശിഹായുടെ പിതൃത്വത്തിനവകാശിയെ കണ്ടെത്തേണ്ട ആവശ്യമിവിടെയില്ല. എന്നാൽ മാനുഷികമായ രീതിയിൽ ഒരു സംരക്ഷകൻ—ഒരു വളർത്തുപിതാവ്—അതുമാത്രമാണ് യൗസേപ്പിതാവിൽനിന്നും ദൈവം പ്രതീക്ഷിച്ചത്. ആ ചുമതലയ്ക്ക് പൂർണ്ണമായി സമർപ്പിക്കുവാൻ കഴിവുള്ള വ്യക്തിയുമായാണ് വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്നതും.

മറിയത്തിന്റെ സ്ഥിതി മനസ്സിലാക്കി അത്യധികം മാനസികവ്യഥയിലും നിരാശയിലും കഴിഞ്ഞുകൂടിയിരുന്ന യൗസേപ്പിതാവിന്റെ സമീപത്തേക്ക് ദൈവം മാലാഖയെ അയച്ച് ദൈവികമായ സന്ദേശം അദ്ദേഹത്തെ അറിയിച്ചു. 'മറിയത്തെ ഭാര്യയായി സ്വീകരിക്കുന്നതിനു ശങ്കിക്കേണ്ട എന്നും മറിയം ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവാലാണെന്നും' ആയിരുന്നു സന്ദേശം. അതോടൊപ്പം യൗസേപ്പിതാവിന് ഒരു ചുമതലയും മാലാഖാവഴി ദൈവം നൽകി. 'മറിയം ഒരു പുത്രനെ പ്രസവിക്കുമെന്നും ആ ശിശുവിന് ഇമ്മാനുവേൽ എന്നു നാമകരണം ചെയ്യണം' എന്നുമായിരുന്നു ആ ചുമതല. ദൈവത്തിന്റെ ഈ സന്ദേശം ലഭിച്ചമാത്രയിൽ അദ്ദേഹത്തിന്റെ സംശയം നീങ്ങുകയും മറിയത്തെ ഭാര്യയായി സ്വീകരിച്ചുകൊണ്ട് യൗസേപ്പിതാവ് പൂർണ്ണമായും ഒരു വിരക്തജീവിതം നയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഈശോയുടെ വളർത്തുപിതാവിന്റെ സ്ഥാനമലങ്കരിക്കുവാൻ തീരുമാനിച്ച് മറിയത്തെ നിയമപ്രകാരം വിവാഹംചെയ്ത നാൾമുതൽ യൗസേപ്പിതാവ് മാതാവിനെപ്പോലെതന്നെ പരിത്രാണകർമ്മത്തിൽ സഹകരിക്കുകയായിരുന്നു. അത്യധികമായ കഌേശങ്ങൾ സഹിച്ച് പൈതൽ പ്രായംമുതൽ ബാല്യം, കൗമാരം, യൗവ്വനം ഈ

malankaralibrary.com

ഘട്ടങ്ങളിലെല്ലാം സംരക്ഷിച്ച് പരിത്രാണകർമ്മവേദിയിലേയ്ക്കു് ഈശോയെ ആനയിച്ചതു് മാതാവും യൗസേപ്പ പിതാവുമാണ്. ഈശോയുടെ പരസ്യജീവിതകാലത്തിനു മുൻപു് യൗസേപ്പിതാവ് ഇഹലോകവാസം വെടിഞ്ഞിരുന്നു. ഈശോയെ പ്രായപൂർത്തിയിലെത്തിക്കുന്നതുവരെയാണ് ഒരു വളർത്തുപിതാവിൻെറ കൂടുതലായ ആവശ്യം. ഈ കാലഘട്ടമത്രയും നസ്രസിലെ ഈ തിരുക്കുടുംബത്തിൻെറ അധിപനായി മാതൃകാപരമായി ജീവിക്കുവാൻ യൗസേപ്പിനു കഴിഞ്ഞു.

## തിരുക്കുടുംബനായകൻ

ആധുനികലോകം മാതൃകയായിസ്വീകരിക്കുന്ന, സ്വീകരിക്കേണ്ട അതിവിശിഷ്ടമായ ഒരു കുടുംബമായിരുന്നു യൗസേപ്പിതാവും, മാതാവും ഈശോയും ചേർന്നുള്ള നസ്രസിലെ ആ ചെറുകുടുംബം. സ്നേഹവും സേവനവും അനുസരണയും സമർപ്പണവും ത്യാഗവും സംതൃപ്തിയും എളിമയും എല്ലാം പൂർണ്ണതയിൽ ആ കുടുംബത്തിൽ നിലനിന്നിരുന്നു. പരസ്പരം ആർക്കും ആരോടും ഒരു പരാതിയും പരിഭവും അവിടെയുണ്ടായിരുന്നില്ല.

തൻെറ രാജ്യത്തു് ഒരു രാജപുത്രൻ ജനിച്ചിരിക്കുന്നതു് തൻെറ ഔന്നത്യത്തിനു് ഭീഷണിയാണെന്നു് ഭയപ്പെട്ട ഹേറോദേസ് രാജാവ് ശിശുക്കളെ വധിക്കുവാൻ കല്പന പുറപ്പെടുവിച്ചപ്പോൾ ഈശോയേയും മറിയത്തെയും കൊണ്ടു് കഷ്ടതസഹിച്ച് ഈജിപ്തിലേക്കു പലായനം ചെയ്തില്ലായിരുന്നെങ്കിൽ നിരപരാധികളായ ആയിരക്കണക്കിനു കൊലചെയ്യപ്പെട്ട ശിശുക്കളിലൊരുവനാകുവാൻ പൈതലായ ഈശോയ്ക്കും അവസരമൊരുങ്ങുമായിരുന്നു. സാമ്പത്തികസൗകര്യങ്ങളോ സമ്പാദ്യമോ ഒന്നുമില്ലാതിരുന്ന വി. യൗസേപ്പ് ദിവസവും മരപ്പണിചെയ്തു് അന്നന്നത്തെ അപ്പത്തിനുള്ള വക കണ്ടെത്തിയിരുന്നു. സു

malankaralibrary.com

മിക്കമായ ഭക്ഷണമോ സുഖസൗകര്യമോ ആജ്ജിക്കത്തക്ക വരുമാനം ഒരു തൊഴിലാളിക്ക് അന്നത്തെ സാഹചര്യത്തിൽ ലഭ്യമല്ല, എങ്കിലും കിട്ടുന്നതുകൊണ്ട് സന്തോഷത്തോടെ ആ കുടുംബാംഗങ്ങൾ ജീവിച്ചുപോന്നു. സുഖമോ സൗകര്യമോ കുറവുള്ളതിന്റെ പേരിൽ അമ്മയ്ക്കോ മകനോ പരിഭവമൊന്നുമുണ്ടായിരുന്നില്ല.

## മാതൃകാതൊഴിലാളി

വി. യൗസേപ്പ് ദാവീദിന്റെ രാജവംശത്തിൽ ജനിച്ച ആളാണ്. അതിനാൽതന്നെ ഉന്നതകുലജാതനായി അറിയപ്പെട്ടിരുന്ന അദ്ദേഹം തീർത്തും സാധാരണക്കാരനായി ജീവിതം നയിക്കുവാനാണ് ആഗ്രഹിച്ചത്. സ്ഥാനമാനങ്ങളിലോ കുലമഹിമയിലോ അദ്ദേഹത്തിന് അശേഷം അഹങ്കാരമുണ്ടായിരുന്നില്ല. നെററിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക അതായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. അദ്ദേഹം തെരഞ്ഞെടുത്ത തൊഴിൽ തച്ചന്റെ തൊഴിലായിരുന്നു. പകലന്തിയോളം പണിയെടുത്ത് തൊഴിലിന്റെ മാഹാത്മ്യം മററുള്ളവർക്ക് അദ്ദേഹം മനസ്സിലാക്കിക്കൊടുത്തു. സാമ്പത്തികനേട്ടത്തിനു മാത്രമല്ല അദ്ദേഹം തൊഴിൽ ചെയ്തിരുന്നത്. നാമും ഏതു തരത്തിലുള്ള തൊഴിലും ചെയ്യുവാൻ സന്നദ്ധരാകണം. ഉന്നതമായ തൊഴിലിനുമാത്രം എല്ലാവരും ഉന്നംവയ്ക്കുന്നതു മൂലമാണ് ഇന്ന് തൊഴിലില്ലായ്മയും തൊഴിൽരംഗത്തെ അസ്വസ്ഥതയും വർദ്ധിച്ചുവരുന്നത്. ദൈവപുത്രൻ വളരുന്ന ഈ കുടുംബത്തിന് ആവശ്യത്തിലുമധികം സാമ്പത്തികഭദ്രത നൽകുന്നതിന് ദൈവത്തിനു സാദ്ധ്യമായിരുന്നു. എന്നാൽ ദൈവം ആഗ്രഹിച്ചത് അങ്ങനെയല്ല, സമൂഹത്തിനു മാതൃകയായി തൊഴിൽചെയ്ത് കഷ്ടപ്പാടിലൂടെ ആ കുടുംബം പുലരട്ടെ എന്നതായിരുന്നു നിശ്ചയം. ഈശോയും ബാല്യപ്രായം കഴിഞ്ഞ് യൗവ്വനത്തിലേയ്ക്ക് കാലുകുത്തിയ അവസരത്തിൽതന്നെ യൗസേപ്പിതാവി

malankaralibrary.com

നോട്ട് സഹകരിച്ചും സഹായിച്ചും മരപ്പണിചെയ്ത് ജീവിച്ചുപോന്നു. സ്വന്തമായി ജോലിചെയ്ത് ന്യായമായ വേതനം സ്വീകരിച്ച് ജീവിതം നയിക്കുന്നത് അത്യധികം ആനന്ദപ്രദമാണ്. അലസരായി പണിയെടുക്കാതെ മററുള്ളവരെ ചൂഷണംചെയ്ത് ജീവിതം നയിക്കുന്നത് എത്രയോ അപമാനകരമാണ്.

തൊഴിലിൽ മഹത്വംദർശിച്ച് തൊഴിലിനെ അത്യധികമായി സ്നേഹിച്ച് ജീവിതത്തിലുടനീളം കഷ്ടപ്പെട്ട് കുടുംബം പുലർത്തിയ വി. യൗസേപ്പിനെ സഭ തൊഴിലാളിമദ്ധ്യസ്ഥനായി അവരോധിച്ചിരിക്കുന്നു. തൊഴിലാളി മദ്ധ്യസ്ഥൻ എന്ന നിലയിൽ തൊഴിലാളിദിനമായ മെയ് 1—നം വി. യൗസേപ്പിതാവിൻെറ തിരുനാൾ ആചരിക്കുന്നു. മാർച്ച് 19—ന് മരണത്തിരുനാൾ ആചരിക്കുന്നതുപോലെതന്നെ മെയ്ദിന തിരുനാളും ആഘോഷപൂർവ്വം നടത്തപ്പെടുന്നു.

## തിരുസഭാസംരക്ഷകൻ

വി. യൗസേപ്പ് സാർവ്വത്രികസഭയുടെ സംരക്ഷകനാണ്. തിരുക്കുടുംബത്തിൻെറ നാഥനായി മാതൃകാപരമായ കുടുംബജീവിതവും കുടുംബസംരക്ഷണവും അദ്ദേഹം സ്തുത്യർഹമായി നിവ്വഹിച്ചു. അത്യദ്ധ്വാനത്തിലൂടെ കുടുംബത്തെ പുലർത്തിയതു മാത്രമല്ല, മാതാവിൻെറയും ദിവ്യ ഉണ്ണിയേയും നിരവധി അപകടങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് അദ്ദേഹം പ്രകടിപ്പിച്ച ധൈര്യവും വിവേകവും പ്രശംസനീയമാണ്. പരിശുദ്ധ കന്യകമറിയത്തിൻെറ വിശ്വസ്തനായ ഭർത്താവായും ദിവ്യഉണ്ണിയുടെ വളർത്തുപിതാവായും സാക്ഷാൽ പിതൃസഹജമായ വാത്സല്യത്തോടെയാണ് സദാ ഉണ്ണിഈശോയെ കാത്തുപരിപാലിച്ചിരുന്നത്. ദിവ്യകുമാരൻെറ ജീവനു ഭീഷണിയായിരുന്ന ഹേറോദേസിൻെറ പിടിയിൽനിന്നു രക്ഷനേടുന്നതിന് യൗസേപ്പിതാവ് സഹിച്ച പീഡകൾ, ഈജിപ്തിലേക്കുള്ള പ്രയാണത്തിന് സഹിക്കേണ്ടിവന്ന കഷ്ട

malankaralibrary.com

തകറം ഇവ എക്കാലവും സ്മരിക്കപ്പെടുന്നതാണ്. അർക്കലാവോസിൻെറ ഭരണകാലത്തു് ദൈവദൂതൻെറ നിർദ്ദേശം ചെവിക്കൊണ്ടു് മാതാവിനെയും ഉണ്ണിയേയുമായി നസ്രസിൽ പോയി അജ്ഞാതവാസം നയിച്ചു. കേവലം പന്ത്രണ്ടാമത്തെ വയസ്സിൽ ഉണ്ണിയേശുവിനെ ദേവാലയത്തിൽവെച്ചു് കാണാതായപ്പോഠം അദ്ദേഹത്തിനുണ്ടായ മനോവേദന അവണ്ണനീയമാണ്. പണ്ഡിതരായ വേദശാസ്ത്രികളുമായി തക്കിച്ചുകൊണ്ടിരിക്കുന്ന ഉണ്ണിയെ കണ്ടെത്തുന്നതുവരെ മാതാവും യൗസേപ്പിതാവും ഒരുപോലെ വ്യഥ അനുഭവിച്ചിരുന്നു. മാതാവിനെയും ഉണ്ണിയെയും തൻെറ ജീവിതാന്ത്യംവരെ കാത്തുപരിപാലിച്ച വിശുദ്ധൻ ഇന്നു് തൻെറ അദൃശ്യമായ കരങ്ങളാൽ സ്വഗ്ഗത്തിലിരുന്നു് സഭയേയും നമ്മളോരോരുത്തരേയും കാത്തുപരിപാലിക്കുകയാണ്. മിശിഹായെ സംരക്ഷിച്ച ആ പിതാവു് മിശിഹായുടെ മൗതികശരീരമായ തിരുസഭയേയും സുരക്ഷിതത്വത്തിലും പുരോഗതിയിലും എത്തിക്കുവാൻ ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിക്കുന്നു. ഈ നൂററാണ്ടിൽ നടത്തപ്പെട്ട രണ്ടാം വത്തിക്കാൻ സൂനഹദോസ് വി. യൗസേപ്പിൻെറ സംരക്ഷണയ്ക്കു് ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ സമർപ്പിച്ചതു് അദ്ദേഹം സഭാസംരക്ഷകനെന്നതിനുള്ള അംഗീകാരമാണ്. അങ്ങനെ തിരുസഭയുടെ സംരക്ഷകനായ അദ്ദേഹത്തെ സഭാംഗങ്ങഠം ഓരോരുത്തരുടെയും സംരക്ഷകനായി സ്വീകരിക്കാം. ഈശോയെ നിരവധി അപകടരംഗങ്ങളിൽനിന്നു് രക്ഷിച്ചതുപോലെ വി. യൗസേപ്പ് നമ്മുടെ എല്ലാ വിപത്തുകളിൽനിന്നും രക്ഷിക്കുമെന്ന ഉറച്ച വിശ്വാസം നമ്മെ നയിക്കട്ടെ.

## പ്രാത്ഥനയുടെ മാതൃക

വി. യൗസേപ്പ് സ്വജീവിതത്തിലുടനീളം ലാളിത്യവും വിനയവും പാലിച്ചിരുന്നു. ഒരു രംഗത്തും അദ്ദേ

malankaralibrary.com

ഹത്തെ ഒരു വാചാലനായോ ഗൗരവസ്വഭാവക്കാരനായോ ദർശിക്കുവാൻ നമുക്കു സാധിക്കുന്നില്ല. ലോകദൃഷ്ടിയിൽ ശ്രദ്ധിക്കപ്പെടത്തക്ക പ്രവർത്തനങ്ങളോ പ്രസംഗങ്ങളോ അദ്ദേഹം നിർവ്വഹിച്ചതായി നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ലോകജനതയുടെ ശ്രദ്ധ പിടിച്ചുപററുന്നതിനോ മററുള്ളവരുടെ പ്രശംസയ്ക്കർഹനാകാനോ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ഇന്നു സമൂഹത്തിൽ ഒട്ടുമിക്കവരുംതന്നെ എന്തെങ്കിലുമൊരു ചെറിയ നന്മ പ്രവർത്തിച്ചാൽ അതു പെരുപ്പിച്ചുകാണിക്കുവാനും അതിൽനിന്നുമുള്ള പ്രശംസ പിടിച്ചുപററുവാനും വെമ്പൽകൊള്ളുകയാണ്. ഇങ്ങനെയുള്ളവർ വി. യൗസേപ്പിനെ മാതൃകയാക്കേണ്ടതാണ്.

ദൈവികചിന്തയും ദൈവവുമായുള്ള പ്രാർത്ഥനാപരമായ ബന്ധവുമാണ് പിതാവിനെ ഒരു ശാന്തശീലനാക്കി മാററിയതു്. ലോകത്തിൽ ജീവിച്ച് പല നല്ലകാര്യങ്ങളും നിർവ്വഹിച്ചിട്ടുള്ള എല്ലാവരെക്കാളും ഉൽക്കൃഷ്ടമായ പ്രവർത്തനമാണ്, പ്രശംസനീയമായ കൃത്യമാണ് തിരുക്കുടുംബത്തിൻെറ തലവനായ വി. യൗസേപ്പ് നിർവ്വഹിച്ചതു്. പരിശുദ്ധ കന്യകമറിയത്തിൻെറ വിരക്തഭർത്താവായും ഈശോയുടെ വളർത്തുപിതാവായും അദ്ദേഹം സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുള്ള കാര്യങ്ങൾതന്നെ അദ്ദേഹത്തെ മററ് എല്ലാ മഹത്തുക്കളേക്കാൾ ഉന്നതസ്ഥാനീയനാക്കാൻ പോരുന്നതാണ്. നിറകുടം തുളമ്പുകയില്ല കുറകുടം കൂത്താടും എന്ന നാടൻ ചൊല്ല് അന്വർത്ഥമാകുംവിധമായിരുന്നു വി. യൗസേപ്പിൻെറ ജീവിതം.

പ്രാർത്ഥനയിലൂടെ നിരന്തരം ദൈവവുമായി ബന്ധപ്പെട്ടിരുന്നതിൻെറ ഫലമായി ദൈവം പലേ അവസരങ്ങളിലും മാലാഖയെ അദ്ദേഹത്തിനു മാർഗ്ഗദർശിയായി അയച്ച സംഭവങ്ങൾ വി. ഗ്രന്ഥത്തിൽനിന്ന് നമുക്കും

malankaralibrary.com

ഗ്രഹിക്കുവാൻ സാധിക്കും. ദൈവം അവിടത്തെ ഒരു ദൂതനെ അയച്ച് 'മറിയം ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്' എന്ന് യൗസേപ്പിനു വെളിപ്പെടുത്തിക്കൊടുത്തു. അതുപോലെ തന്നെ ഹേറോദേസിന്റെ ദുഷ്ടതയ്ക്കു പാത്രീഭവിക്കാതെ ദിവ്യശിശുവിനെ സംരക്ഷിക്കുവാൻ സാധിച്ചതും മാലാഖാ വഴിയായുള്ള നിർദ്ദേശമനുസരിച്ചായിരുന്നു. വിശുദ്ധ യൗസേപ്പിന്റെ ജീവിതംതന്നെ ഈശോയ്ക്കുവേണ്ടിയായിരുന്നു. അതുപോലെ തന്നെ ഈശോയോടുകൂടിതന്നെ എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കാനും അദ്ദേഹത്തിനു സാധിച്ചു. ദിവ്യശിശുവിനെ കരങ്ങളിൽവഹിച്ചും സംരക്ഷിച്ചും നിരന്തരം ദൈവസാമീപ്യം സാധിച്ചതും ഒരു വിധത്തിൽ പ്രാർത്ഥനതന്നെയാണ്. ചെറുപ്പം മുതൽ തന്നെ മാതൃകാജീവിതം നയിച്ച് പ്രാർത്ഥനയുടെ മനുഷ്യനായി പുണ്യത്തിൽ വളർന്നതുമൂലമാണ് പരിശുദ്ധ കന്യകമറിയത്തിന്റെ ഭർത്താവായി ഇദ്ദേഹത്തെ ദൈവം തെരഞ്ഞെടുത്തത് എന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

വി. യൗസേപ്പിന്റെ ഭക്തരായ നാമും പ്രാർത്ഥന നമ്മുടെ ഏററം വലിയ ആയുധമായി തെരഞ്ഞെടുക്കുക. അനുദിന ജീവിതത്തിൽ നമുക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും രോഗങ്ങളും മന:ക്ലേശങ്ങളും ദൂരീകരിക്കുന്നതിന് ദൈവവുമായി നിരന്തരമായി പ്രാർത്ഥനാബന്ധത്തിൽ കഴിയുവാൻ ശ്രമിക്കുക. ദേവാലയത്തിലെന്നപോലെ മററു രംഗങ്ങളിൽ നാം വ്യാപരിക്കുമ്പോഴും തൊഴിലിലേർപ്പെട്ടിരിക്കുമ്പോഴും യാത്രാവസരങ്ങളിലും നമ്മുടെ ഹൃദയം ദൈവത്തിങ്കലേയ്ക്കു തിരിക്കുക, ദൈവവുമായി പ്രാർത്ഥന വഴിയായി സമ്പർക്കം പുലർത്തുക. എങ്കിൽ യൗസേപ്പിതാവിനെപ്പോലെ ആകുലതയില്ലാതെ ശാന്തരായി മാതൃകാജീവിതം നയിക്കുന്നതിനും നല്ലമരണവും സ്വർഗ്ഗീയ സൗഭാഗ്യവും കരഗതമാകുന്നതിനും അവസരമൊരുക്കാം.

malankaralibrary.com

## ദാരിദ്ര്യത്തിന്റെ സ്നേഹിതൻ

വി. യൗസേപ്പ് ഉന്നതകുലജാതനായിരുന്നു. എങ്കിലും തികച്ചും നിർദ്ധനസ്ഥിതിയിലായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. ധനം സമ്പാദിക്കുന്നതിനുള്ള വ്യഗ്രതയോ കാപട്യമോ അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. പണിയെടുത്ത് ലഭിക്കുന്ന ന്യായമായ വേതനംകൊണ്ട് അപ്പം സമ്പാദിക്കുവാനേ അദ്ദേഹം ആഗ്രഹിച്ചുള്ളു. കുലമഹിമയും പ്രശസ്തിയും ഉൽഘോഷിച്ച് ഉന്നതരുമായി സഹവസിക്കുവാനൊരിക്കലും അദ്ദേഹം ശ്രമിച്ചിരുന്നില്ല. ഒരു ഉത്തമ കുടുംബനാഥൻ എന്ന നിലയിൽ തന്റെ കടമകൾ നിറവേററുവാനും ദൈവം തന്നെ ഭരമേല്പിച്ചിരുന്ന ഉന്നതമായ ദൗത്യം നിർവ്വഹിക്കുക എന്ന ഏക ലക്ഷ്യത്തിൽ തച്ചന്റെ ജോലി നിർവ്വഹിച്ച് അതിൽ നിന്നു കിട്ടുന്ന ന്യായമായ വരുമാനംകൊണ്ടു കുടുംബം പുലർത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. സുഭിക്ഷതയോ ധാരാളിത്വമോ ജീവിതത്തിലൊരിക്കലും അദ്ദേഹം അഭിലഷിച്ചിരുന്നില്ല.

വിതയ്ക്കുകയോ കൊയ്യുകയോ അറപ്പുരകളിൽ ശേഖരിക്കുകയോ ചെയ്യാതെ സുഭിക്ഷതയിൽ വളരുന്ന ആകാശപറവകളെപ്പോലെ സമ്പാദ്യമോ ധനാഗമമാർഗ്ഗ ആസൂത്രണമോ ഒന്നുമില്ലാതെ ദൈവത്തിലാശ്രയിച്ചുകൊണ്ട് അദ്ദേഹം ജീവിതം നയിച്ചു. തികച്ചും ദാരിദ്ര്യത്തിന്റെ സ്നേഹിതനായി അദ്ദേഹം ജീവിതാന്ത്യംവരെ വ്യാപരിച്ചിരുന്നു. ദാരിദ്ര്യം അനുഭവിച്ചിട്ടുള്ളവർക്കേ വിശക്കുന്നവന്റെ വേദന അറിയൂ എന്നു പറയാറുള്ളതുപോലെ ദാരിദ്ര്യദുഃഖം നന്നായി അനുഭവിച്ചിട്ടുള്ള പിതാവ് ദാരിദ്ര്യമനുഭവിക്കുന്നവരെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നു.

വി. യൗസേപ്പിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന നമുക്ക് അദ്ദേഹത്തിന്റെ ജീവിതമാതൃക

malankaralibrary.com

അനുകരിക്കുവാൻ കടമയുണ്ടു്. നമ്മുടെ കഴിവിനനുസൃതമായി ദരിദ്രരേയും പാവപ്പെട്ട രോഗികളേയും സഹായിക്കേണ്ടതു് നമ്മുടെ കടമയാണു്. ദാരിദ്ര്യവും കഷ്ടതയും അനുഭവിക്കുന്നവർ വി. യൗസേപ്പിനോടു് പ്രാർത്ഥിച്ചാൽ അദ്ദേഹം അവരെ കൈവിടുകയില്ല. തൻെറ മദ്ധ്യസ്ഥതയാൽ ദൈവാനുഗ്രഹം പ്രാപിച്ച നമ്മെ സഹായിക്കുന്നതിനു് അദ്ദേഹം സദാ സന്നദ്ധനാണു്. യൗസേപ്പിതാവിനോടുള്ള ബഹുമാന സൂചകമായി കേരളക്കരയിൽ നടത്തപ്പെടുന്ന ഒരു സൽക്കർമ്മമാണു് മുത്തിളൗട്ടു്. തിരുക്കുടുംബത്തിൻെറ മാതൃകയിൽ പാവപ്പെട്ട ഒരു വൃദ്ധനും ഒരു വൃദ്ധയും ഒരു ആൺകുട്ടിയുമുൾപ്പടെയുള്ളവരെ ക്ഷണിച്ചു വരുത്തി ബഹുമാനിച്ചു് മൃഷ്ടാന്നഭോജനവും വസ്ത്രവും മററും നൽകുന്ന ആ നല്ല പ്രവർത്തനം ഇന്നു് മുൻപറഞ്ഞതിൽ കുറഞ്ഞുവരുന്നു. മാർച്ചു് 19—നു് നടത്തപ്പെടുന്ന മരണത്തിരുനാളിനോടനുബന്ധിച്ചു് നമ്മുടെ പല ദേവാലയങ്ങളിലും ഇന്നും നേർച്ചസദ്യ നടത്തിവരുന്നു എന്നതും പിതാവിനു് ദരിദ്രരോടുള്ള സ്നേഹവാത്സല്യങ്ങളുടെ ഒരനുസ്മരണമാണു്. ഈ ചെറിയവരിലൊരുവനു് നിങ്ങൾ ചെയ്ത സഹായം എനിക്കാണു് നിങ്ങൾ ചെയ്തതു് എന്ന ദിവ്യനാഥൻെറ വാക്കുകൾ നാം ഇത്തരുണത്തിൽ അനുസ്മരിക്കേണ്ടതാണു്.

## നൽമരണ മദ്ധ്യസ്ഥൻ

വി. യൗസേപ്പ് നൽമരണമദ്ധ്യസ്ഥനായാണു് അറിയപ്പെടുന്നതു്. വി. യൗസേപ്പിനു ലഭിച്ചതുപോലെ ഒരു നല്ല മരണം ഇതുവരെ ആർക്കും ലഭിച്ചിട്ടില്ല. ഈശോയുടെ കരങ്ങളിൽ, പരിശുദ്ധകന്യകമറിയത്തിൻെറ സാന്നിദ്ധ്യത്തിൽ മരണത്തെ സസന്തോഷം ആശ്ലേഷിക്കുവാൻ വി. യൗസേപ്പിനു് അവസരം ലഭിച്ചതാണു് അദ്ദേഹത്തിനു് ലഭിച്ച ഏററം വലിയ അനുഗ്രഹം. നിരാശയോ ദുഃഖമോ ഒന്നുമില്ലാതെ തന്നെ ദൈവം ഭരമേൽപിച്ച എല്ലാ ഉത്തര

malankaralibrary.com

വാദിത്വങ്ങളും പൂർണ്ണമായി നിറവേററിക്കൊണ്ടു് സമാധാനത്തോടും സന്തോഷത്തോടുംകൂടി ഇഹലോകജീവിതം അവസാനിപ്പിച്ചു് സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഈശോയുടെ പരസ്യജീവിതകാലഘട്ടത്തിനു മുൻപായി വി. യൗസേപ്പിതാവു് ദിവംഗതനായതായി കരുതപ്പെടുന്നു.

നല്ലപ്രായത്തോളം ജീവിച്ചു് അവസാനം ഒരു നല്ല മരണം ലഭിക്കണമെന്നു് ആഗ്രഹിക്കാത്തവരുണ്ടാവുകയില്ല. സമാധാനത്തോടും സന്തോഷത്തോടും സുബോധത്തോടുംകൂടിയുള്ള ഒരു മരണം ലഭിക്കുക എന്നതു് മരിക്കുന്ന ആളിനെപ്പോലെ ജീവിച്ചിരിക്കുന്ന ബന്ധപ്പെട്ടവർക്കും ആശ്വാസകരമാണു്. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ വിജയകരമായ പരിസമാപ്തി എന്നു പറയുന്നതുതന്നെ ഒരു നല്ല മരണം ലഭിക്കുകയെന്നുള്ളതാണു്. ആത്മാവു് വരപ്രസാദാവസ്ഥയിലായിരുന്നാൽ മരണത്തെ ഒരിക്കലും ഭയപ്പെടുവാനില്ല. ജീവിതം എപ്രകാരമോ അപ്രകാരമായിരിക്കും മരണവും. ആയതിനാൽ വി. യൗസേപ്പിതാവിനെപ്പോലെ നീതിനിഷ്ഠയോടെ ജീവിച്ചു് നല്ല മരണം പ്രാപിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

## സഹനത്തിനു് മാതൃക

ഇഹലോകത്തിൽ ഇതുവരെ ജീവിച്ചിട്ടുള്ള എല്ലാവരെയുംകാൾ സന്തോഷിക്കുവാൻതക്ക സാഹചര്യമൊരുങ്ങിയ ഒരു വന്ദ്യദേഹമാണു് വിശുദ്ധ യൗസേപ്പു്. ദൈവപുത്രനായ ഈശോയുടെ വളർത്തുപിതാവാകുവാൻ അദ്ദേഹത്തിനു സാധിച്ചതുതന്നെ ഏററം സന്തോഷസംദായകമായ ഒന്നാണു്. എന്നാൽ ഇത്ര ഉൽകൃഷ്ടമായ സ്ഥാനം വഹിച്ചിരുന്ന അദ്ദേഹം അത്യധികമായ മനഃക്ലേശവും ബുദ്ധിമുട്ടുകളും സസന്തോഷം സഹിച്ചിരുന്നു. ഒരു സാധാരണ കുടുംബാന്തരീക്ഷത്തിൽ വളർന്നുവന്ന വി. യൗസേ

malankaralibrary.com

പ്പ് പരിശുദ്ധ കന്യകമറിയവുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടനാറാംവരെ, തൊഴിലിൻെറ മഹത്വം മനസ്സിലാക്കി മാതൃകാപരമായി ജീവിച്ചിരുന്നു എന്നു നമുക്കു് ന്യായമായും അനുമാനിക്കാം. അങ്ങനെയല്ലായെങ്കിൽ അദ്ദേഹത്തെ ഇത്ര മഹത്തായ ഒരു സ്ഥാനത്തേയ്ക്കു' ദൈവം നിയോഗിക്കുകയില്ലായിരുന്നു എന്നതു് തീർച്ചയാണ്. മറിയവുമായി വിവാഹ ഉടമ്പടി ചെയ്തതുമുതൽ സഹനത്തിൻെറ ദിനങ്ങളായിരുന്നു അദ്ദേഹത്തെ സ്വാഗതം ചെയ്തതു്. കന്യകമറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു ദൈവദൂതൻവഴി ദൈവികവെളിപാടുണ്ടാകുന്നതുവരെ അദ്ദേഹം സഹിച്ച മാനസികവ്യഥ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. പൂർണ്ണഗർഭിണിയായ മറിയവുമായി ബേത്‌ലഹേമിലേക്കുള്ള യാത്രയുടെ ക്ലേശം, ബേത്‌ലഹത്ത് തലചായ്ക്കുവാൻ ഇടംകിട്ടാതെ അലഞ്ഞതു്, അവസാനം കാലിത്തൊഴുത്തിൽ അഭയം പ്രാപിച്ചതു്, കാലിത്തൊഴുത്തിൽ ദിവ്യശിശുവിൻെറ ജനനം ഇതെല്ലാം അദ്ദേഹത്തിനു വരുത്തിക്കൂട്ടിയ മനോവ്യഥ നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്. രാഷ്ട്രീയാധികാരികളുടെ സംഹാരതാണ്ഡവത്തിൽനിന്നും ബാല്യകാലംമുഴുവൻ ഈശോയെ സംരക്ഷിച്ചതു്, പന്ത്രണ്ടുവയസ്സിൽ ഈശോയെ കാണാതാവുക ഇവയെല്ലാം മനോവ്യഥയ്ക്കു് കാരണമായിരുന്നു. അങ്ങനെ ജീവിതകാലത്തു് നിരന്തരമായി ബുദ്ധിമുട്ടുകൾ സഹിച്ചു് സഹനത്തിനു് സ്വയം വിട്ടുകൊടുത്തു.

### എളിമയുടെ മാതൃക

അഹങ്കാരം നമ്മെ അനുനിമിഷം അധ:പതിപ്പിച്ചു് നാശത്തിലെത്തിക്കുമെന്നതു് തീർച്ചയാണ്. എന്നാൽ എളിമ ഏതൊരു വ്യക്തിയേയും ഔന്നത്യത്തിലെത്തിക്കും. എളിമ അതിനാൽതന്നെ ഒരു കഴിവുകേടാണെന്നുവരെ തെററിദ്ധരിക്കുന്നവരുണ്ടു്. എന്നാൽ അഹങ്കാരം ഒരു കഴിവും പ്രാഗൽഭ്യവുമാണെന്നാണ് ചിലരുടെ ധാ

malankaralibrary.com

രണ. അഹങ്കാരിയെ സമൂഹം ഇന്നു് പുഛരിക്കുകയും എളിമയുള്ളവരെ ബഹുമാനിക്കുകയുംചെയ്യുന്നു. വി. യൗസേപ്പ് ഈശോയുടെ വളത്തുപിതാവ് എന്ന നിലയിലും പരിശുദ്ധ കന്യകമറിയത്തിന്റെ ഭത്താവ് എന്ന നിലയിലും സമൂഹത്തിൽ ഉന്നതനിലയിൽ കഴിഞ്ഞിരുന്ന ദേഹമാണ്. എങ്കിലും തന്റെ ഉന്നതപദവിക്കും സ്ഥാനത്തിനും തക്കവിധത്തിലുള്ള തലക്കനം അദ്ദേഹം ഒരിക്കലും ഭാവിച്ചിരുന്നില്ല. കർട്ടന്റെ പിറകിൽ പ്രവത്തിക്കുകയല്ലാതെ സ്റ്റേജിൽ പ്രത്യക്ഷപ്പെടുവാൻ അദ്ദേഹം ഒരിക്കലും താല്പര്യം കാണിച്ചിരുന്നില്ല. എളിമയോടുകൂടി ജീവിച്ച് ദൈവം തന്നെ ഭരമേല്പിച്ചിരുന്ന ദൗത്യം വിശ്വസ്തതയോടെ പൂത്തിയാക്കി സംതൃപ്തിയടയുന്നതിനായിരുന്നു അദ്ദേഹം പരിശ്രമിച്ചതു്. അദ്ദേഹത്തിന്റെ ആ പരിശ്രമം ഫലപ്രാപ്തിയിലെത്തുകയും സംതൃപ്തിയോടെ സ്വർഗ്ഗസമ്മാനത്തിനണയുവാൻ അദ്ദേഹത്തിനു സാധിക്കുകയും ചെയ്തു. നാമും വി. യൗസേപ്പിന്റെ ജീവിതമാതൃക അനുകരിച്ച് അഹങ്കാരവും ദുരഭിമാനവും വെടിഞ്ഞു് എളിമയോടുകൂടി ജീവിച്ചാൽ ജീവിതാന്ത്യത്തിൽ ഒരു നല്ല മരണവും, സ്വർഗ്ഗീയ സൗഭാഗ്യവും ലഭിക്കുമെന്നുള്ളതിൽ സംശയമില്ല.

## നീതിമാൻ

വി. യൗസേപ്പ് നീതിമാനായിരുന്നു എന്നു് വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജീവിതത്തിലുടനീളം നീതിനിഷ്ഠയും, സത്യവും, സ്നേഹവും, മര്യാദയും എളിമയും, കൃത്യനിഷ്ഠയും പാലിക്കുന്ന ഒരാളെയെ നീതിമാൻ എന്നു് വിശേഷിപ്പിക്കുവാൻ സാധിക്കു. എല്ലാ സുകൃത്യങ്ങളും കുറവുകൂടാതെ നിവ്വഹിക്കുകയും കടമകളിൽ നിഷ്ഠയും നീതിയും പാലിക്കുകയും ചെയ്യുക ഇതെല്ലാം നീതിമാന്റെ ലക്ഷണങ്ങളാണ്. അസൂയയോ, കാപട്യമോ, അഹങ്കാരമോ നീതിമാനു ചേന്നതല്ല. കോപമോ പ്രതികാരമോ വൈരാഗ്യബുദ്ധിയോ അശേഷം

malankaralibrary.com

ഇല്ലാത്ത ഒരുവനെ നീതിമാനാകാൻ സാധിക്കൂ. ചുരുക്കി പ്പറഞ്ഞാൽ സകലസൽഗുണസമ്പന്നനായിരിക്കണം നീ തിമാൻ. ഒരു നീതിമാനിൽ ഉണ്ടായിരിക്കേണ്ട ഗുണവി ശേഷങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടിരുന്ന ഒരു വ്യക്തി യാണ് വി. യൗസേപ്പ്. ദൈവം തന്നെ ഭരമേല്പിച്ചിരുന്ന കടമകൾ നിർവ്വഹിക്കുന്നതോടൊപ്പം മററുള്ളവരുടെ അവ കാശങ്ങൾ സംരക്ഷിക്കുന്നതിനും, നൽകുന്നതിനും അദ്ദേ ഹം വഹിച്ച പങ്ക് പ്രശംസനീയമാണ്. ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ച് ദൈവകല്പനകളനുസ രിച്ച് ജീവിക്കുന്ന ഏതൊരാൾക്കും നീതിമാനായി ജീ വിക്കുന്നതിന് പ്രയാസമില്ല. വി. യൗസേപ്പിൽ വിള ങ്ങിയിരുന്ന സുകൃതങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്തു വാൻ നമുക്കു പരിശ്രമിക്കാം.

## കന്യാവ്രതക്കാരുടെ കാവൽക്കാരൻ

വി. യൗസേപ്പ് ദൈവജനനിയുടെ ഭർത്താവായി ദൈവനിശ്ചയത്താൽ നിയോഗിക്കപ്പെട്ടു എങ്കിലും മാതാ വിൻെറ കന്യാത്വത്തിന് കോട്ടംവരാതെ തികച്ചും ഒരു വിരക്തജീവിതമാണ് അദ്ദേഹം നയിച്ചത് എന്ന് മുൻപേജുകളിൽ സൂചിപ്പിച്ചിരുന്നല്ലോ. കലാകാ രന്മാർ മിക്കവരും ചിത്രീകരിച്ചിരിക്കുന്നതുപോലെ വി. യൗസേപ്പ് വൃദ്ധനായിരുന്നില്ല. കന്യകാമറിയത്തെ ക്കാൾ അല്പം പ്രായക്കൂടുതൽ മാത്രമേ യൗസേപ്പിനുണ്ടായി രുന്നുള്ളു. അരോഗദൃഢഗാത്രനും മദ്ധ്യവയസ്കനുമായിരുന്ന വി. യൗസേപ്പ് സ്വയനിഗ്രഹത്തിലൂടെ വിരക്തജീവിതം നയിച്ച് മാതൃകാ കുടുംബനാഥനായത് അദ്ദേഹത്തിൻെറ ആത്മധൈര്യവും ദൃഢചിത്തതയും പ്രാർത്ഥനയും മൂലമാ ണ്. മാനുഷികമായ ബലഹീനതകൾ നിയന്ത്രിച്ച് ജീ വിച്ചുകൊണ്ട് വിശുദ്ധിയുടെ ഉന്നതസ്ഥാനത്ത് അദ്ദേ ഹം എത്തിച്ചേർന്നു. ഏതു പ്രതികൂലസാഹചര്യങ്ങളിൽ ജീവിച്ചാലും പ്രലോഭനങ്ങളുണ്ടായാലും സ്വയനിയന്ത്രണം

malankaralibrary.com

പാലിച്ച് ജീവിക്കുവാൻ ഏതുപ്രായത്തിലുള്ളവർക്കും സാധിക്കുമെന്നതിന് ഉത്തമദൃഷ്ടാന്തമാണ് വി. യൗസേപ്പിന്റെ ജീവിതം. ദൈവികചിന്തയും വിശുദ്ധിയും വെടിഞ്ഞ് ദൂഷിച്ച സാഹചര്യങ്ങളിൽ മനസ്സറിഞ്ഞു ചെന്നുപെട്ട് അസന്മാർഗ്ഗിക ജീവിതം നയിക്കുന്നവർ ഇന്നു നിരവധിയാണ്. ആത്മനിയന്ത്രണം പാലിക്കാതെ മൃഗതുല്യരായി ജീവിതം നയിക്കുന്നവർ ഇന്ന് വർദ്ധിച്ചുവരികയാണ്. നിരപരാധികളും പാവപ്പെട്ടവരുമായ എത്രയെത്ര തരുണീമണികളുടെ ചാരിത്ര്യമാണ് ഇന്നു പിച്ചിച്ചീന്തപ്പെടുന്നത്. മറ്റുള്ളവരെ സഹോദരരായി കാണുവാനുള്ള കഴിവില്ലായ്മയും അഹന്തയുമാണ് ഇതിനു കാരണം.

ഇക്കാലഘട്ടത്തിൽ നാം കൂടുതൽ പ്രാർത്ഥിക്കുകയും കന്യാവ്രതക്കാരുടെ കാവൽക്കാരനായ വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്താൽ വിരക്തജീവിതം വിജയകരമായി നിർവ്വഹിച്ച് സ്വർഗ്ഗസൗഭാഗ്യത്തിന് അർഹരാകുവാൻ നമുക്കു സാധിക്കും.

## സ്വർഗ്ഗസ്ഥിതൻ

ആദിമാതാപിതാക്കന്മാരുടെ പാപംനിമിത്തം അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗം മരണത്തെ ജയിച്ചടക്കിയ ദിവ്യരക്ഷകന്റെ ഉയിർപ്പോടുകൂടി എന്നെന്നേക്കുമായി തുറക്കപ്പെട്ടിരിക്കുകയാണ്. ലോകപാപ പരിഹാരാർത്ഥം പാടുപീഡകൾ സഹിച്ച് മനുഷ്യകുലത്തെ വീണ്ടുരക്ഷിച്ച ദിവ്യനാഥന്റെ ഉത്ഥാനത്തോടുകൂടി അന്നുവരെ മരണം പ്രാപിച്ച എല്ലാ വിശുദ്ധാത്മാക്കളും സ്വർഗ്ഗത്തിൽ പ്രവേശിച്ചു എന്നു വിശ്വസിക്കാവുന്നതാണ്. അങ്ങനെയൊരു വിശ്വാസം നമ്മിലുളവാക്കുവാൻ വി. ഗ്രന്ഥത്തിൽ വി. മത്തായിയുടെ സുവിശേഷഭാഗം നമുക്ക് പ്രചോദനം നൽകുന്നു. വിശുദ്ധരായി ജീവിതം നയിച്ച് ഈശോയ്ക്കുമുൻപ് കടന്നുപോയ വിശുദ്ധർ സ്വർഗ്ഗം പൂകിയെന്ന് നാം പി

malankaralibrary.com

ശ്വസിക്കുന്നു എങ്കിൽ വിശുദ്ധരിൽ ഏററം വിശിഷ്ടമായ സ്ഥാനം അലങ്കരിച്ചിരുന്ന വി. യൗസേപ്പും ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു എന്നതു് തീർച്ചയാണ്. പ. കന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി സഭ പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നാൽ യൗസേപ്പിതാവിൻെറ സ്വർഗ്ഗാരോപണത്തെപ്പററി സഭ പ്രത്യേക പ്രഖ്യാപനം നടത്തിയിട്ടില്ലെങ്കിലും നമുക്കു് അങ്ങനെ വിശ്വസിക്കുന്നതിനു് യുക്തിഭംഗം ഉണ്ടെന്നു തോന്നുന്നില്ല. വി. യൗസേപ്പിൻെറ ഭൗതികാവശിഷ്ടം ഭൂമുഖത്തു് ഒരു പ്രദേശത്തും സൂക്ഷിക്കപ്പെടുന്നതായി അറിവില്ല. വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ വിശ്വാസികളുടെ ശ്രദ്ധയിൽപ്പെടാതെ ഉണ്ടായിരുന്നവ ദൈവവെളിപാടുമൂലം കണ്ടെടുക്കപ്പെട്ടു് പൂജ്യമായി സംരക്ഷിക്കുന്ന സാഹചര്യത്തിൽ ദൈവപുത്രൻെറ വളർത്തുപിതാവിൻെറ പൂജ്യശരീരം ഭൂമുഖത്തുണ്ടെങ്കിൽ അതു് വണക്കത്തിനായി ദൈവിക വെളിപാടുണ്ടാകുമായിരുന്നു എന്നതു് സന്ദേഹമില്ലാത്ത വസ്തുതയാണ്.

വി. യൗസേപ്പ് വിവാഹത്തിനുപയോഗിച്ച ദിവ്യമോതിരം പെർസിയാ എന്ന പട്ടണത്തിൽ ഉണ്ടു് എന്നു് ദൈവം അക്കാലത്തുതന്നെ വെളിപ്പെടുത്തി. അതുപോലെ അദ്ദേഹത്തിൻെറ മേൽവസ്ത്രത്തെക്കുറിച്ചുള്ള അറിവും വെളിപാടിലൂടെ ലഭിച്ചതനുസരിച്ചു് ഇന്നു് റോമിലും അംബോസിയാപട്ടണത്തിലും ബഹുമാനാദരവുകളോടെ സൂക്ഷിക്കുന്നു. അദ്ദേഹത്തിൻെറ ദിവ്യമേനിയുടെ അംശങ്ങൾ ഭൂമിയിലെവിടെയെങ്കിലും സ്ഥിതിചെയ്യുന്നുണ്ടെങ്കിൽ അദ്ദേഹം ഉപയോഗിച്ച വസ്തുക്കൾ വെളിപ്പെടുത്തിയ ദൈവം ഇതു് അവഗണിക്കുമെന്നു് വിചാരിക്കാൻ സാധിക്കുമോ. ആയതിനാൽ മഹാവിശുദ്ധനായ മാർ യൗസേപ്പിൻെറ തിരുമേനി ആത്മാവോടുകൂടി സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നു എന്നു നമുക്കു് വിശ്വസിക്കാം.

malankaralibrary.com

• സ്വർഗ്ഗത്തിൽ വാഴുന്ന വി. യൗസേപ്പിനോട്ട് നമുക്കു മാദ്ധ്യസ്ഥം അപേക്ഷിക്കാം.

വി. യൗസേപ്പേ ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ.

**അത്ഭുതങ്ങൾ**

സ്പെയിൻരാജ്യത്ത് വി. യൗസേപ്പിന്റെ ഭക്തനായ ഒരു ധനികൻ ജീവിച്ചിരുന്നു അയാൾ ആണ്ടുതോറും വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ദിനത്തിൽ 3 പാവപ്പെട്ടവർക്ക് വിരുന്നുസൽക്കാരം നടത്തി അവരെ ബഹുമാനിച്ചിരുന്നു. ഈശോയേയും മാതാവിനേയും യൗസേപ്പുപിതാവിനെയും പ്രതിനിധീകരിച്ചായിരുന്നു നാം മൂത്തിഊട്ട് എന്ന പേരിൽ നടത്തപ്പെടുന്ന ഈ ആചാരം നടത്തിപ്പോന്നിരുന്നത്. വർഷങ്ങൾ കടന്നുപോയി. ധനികൻ രോഗിയായി ശയ്യാവലംബിയായി. ഇങ്ങനെയിരിക്കെ ഒരു ദിവസം മൂന്നു യാചകർ— ഒരു വൃദ്ധനും ഒരു വൃദ്ധയും ഒരു ബാലനും— മരണം സമീപിച്ചിരിക്കുന്ന ധനികന്റെ സമീപത്തു വന്നുനിന്ന് അദ്ദേഹത്തോട്ട് പറഞ്ഞു. 'ഞങ്ങളെ അനേകം പ്രാവശ്യം നീ നിന്റെ ഭവനത്തിൽ ക്ഷണിച്ച് ബഹുമാനിച്ച് സുഭിക്ഷമായി ഭക്ഷണം നൽകിയതിനാൽ ഇപ്പോൾ ഞങ്ങളോടൊത്ത് ഭക്ഷിക്കുവാൻ വേണ്ടതെല്ലാം ഞങ്ങൾ ക്രമീകരിച്ചിരിക്കുന്നു.' നിങ്ങൾ ആരാണ് എന്ന് ധനികനായ രോഗി ആരാഞ്ഞുവെങ്കിലും ആഗതരിൽനിന്ന് പ്രതികരണമുണ്ടായില്ല. മാത്രമല്ല അവർ ഉടനെതന്നെ അവിടെനിന്നും അപ്രത്യക്ഷരാവുകയുംചെയ്തു. യാചകരായി പ്രത്യക്ഷപ്പെട്ടവരുടെ മുഖകാന്തിയും സ്വരമാധുര്യവും ഗ്രഹിച്ച ധനികന് തന്നെ സന്ദർശിച്ചത് ഈശോയും മാതാവും യൗസേപ്പിതാവുമാണെന്നു ബോദ്ധ്യമായി. പല പ്രാവശ്യം താൻ യാചകർക്കു നൽകിയ സൽക്കാരം തിരുക്കുടുംബത്തിനുതന്നെയാണ് നൽകിയതെന്ന സംതൃപ്തിയിൽ അദ്ദേഹം ആനന്ദ

malankaralibrary.com

നിർന്നിമേഷനായി. അധികം താമസിയാതെ സന്തോഷത്തോടും സമാധാനത്തോടുംകൂടി അദ്ദേഹം ഭാഗ്യമരണത്തിനിടയാക്കുകയും ചെയ്തു.

പാവപ്പെട്ടവരെ സഹായിച്ചാൽ വി. യൗസേപ്പ് നമ്മെ കൈവിടുകയില്ല എന്ന് ഈ അത്ഭുത ദർശനം നമ്മെ അനുസ്മരിപ്പിക്കുന്നു.

## II

ഫ്രാൻസിൽ കാൻസു എന്ന പട്ടണത്തിൽ അദ്ധ്വാനശീലനായ ഒരു മനുഷ്യൻ ദൈവവിശ്വാസത്തിൽനിന്നകന്ന് ദുർമ്മാർഗ്ഗജീവിതം നയിച്ചുവന്നു. ദൈവപ്രമാണങ്ങൾ ലംഘിച്ചും കൂദാശകൾ സ്വീകരിക്കാതെയും വർഷങ്ങളായി ജീവിച്ചുവന്നിരുന്ന ഈ വ്യക്തിയുടെ ഭാര്യ ദൈവവിശ്വാസിയും ഭക്തയും ആയിരുന്നു. തിരുക്കുടുംബത്തിന്റെ സംരക്ഷകനായ വി. യൗസേപ്പിനോട് ഉള്ളുതുറന്നു പ്രാർത്ഥിച്ചാൽ ഭർത്താവിന്റെ ദുഃസ്വഭാവം മാറി, അങ്ങനെ കുടുംബം രക്ഷപെടുമെന്നുള്ള മറെറാരു ഭക്തസ്ത്രീയുടെ അഭിപ്രായം കണക്കിലെടുത്ത് വി. യൗസേപ്പിനോട് പ്രാർത്ഥിച്ചുതുടങ്ങി. വി. യൗസേപ്പിന്റെ വ്യാകുല സന്തോഷങ്ങളെ ധ്യാനിച്ച് ഏഴ് ബുധനാഴ്ച പ്രത്യേകം പ്രാർത്ഥിക്കുവാനും നോയമ്പു ആചരിക്കാനും അവൾ തീരുമാനിച്ചു. ആറു ബുധനാഴ്ച തീഷ്ണമായി ആ കുടുംബനാഥനുമൊത്ത് പ്രാർത്ഥിച്ചു. 7-ാം ബുധനാഴ്ച ഈ ഭക്തകൃത്യത്തിനുപദേശിച്ച സ്ത്രീ നൽകിയ വി. യൗസേപ്പിന്റെ ഒരു മനോഹരമായ ചിത്രം അവൾ തന്റെ ഭർത്താവിനെ കാണിച്ച് പടത്തിലേയ്ക്ക് സൂക്ഷിച്ചുനോക്കുവാൻ ആവശ്യപ്പെട്ടു. പടത്തിലേയ്ക്ക് സൂക്ഷിച്ചുനോക്കിയാൽ അങ്ങയുടെ കഠിനഹൃദയത്തിന് മാററമുണ്ടാകുമെന്നും ദുർമ്മാർഗ്ഗ ജീവിതം വെടിഞ്ഞ് നല്ലൊരു കുടുംബനാഥനായി നമ്മുടെ കുടുംബം സംതൃപ്തിയിലും സന്തോഷത്തിലുമാകുമെന്നും അവൾ കരഞ്ഞു പറഞ്ഞു. ആദ്യമൊന്നും അവളുടെ അപേക്ഷ ശ്രദ്ധിക്കാ

malankaralibrary.com

തെ ക്രൂരഭാവത്തിലിരുന്ന ആ കഠിനഹൃദയൻ സാവധാനം പടം സൂക്ഷിച്ചുനോക്കുകയും അവസാനം പടം കൈയിൽവാങ്ങി പല പ്രാവശ്യം ചുംബിക്കുകയും ചെയ്തു. കഠിനഹൃദയനായ ആ ദുർമ്മാർഗ്ഗി അവസാനം ശിശുഹൃദയനായി ചെയ്തുപോയ തെററുകളോർത്തു് കണ്ണീർവാർത്തു. വർഷങ്ങളായി ദിവ്യബലിയിൽ സംബന്ധിക്കുകയോ കൂദാശകരം സ്വീകരിക്കുകയോ ചെയ്യാതെ കഴിഞ്ഞിരുന്ന ആ മനുഷ്യൻ അന്നുതന്നെ ഭാര്യയുമൊത്തു് ഇടവകദേവാലയത്തിലെത്തി കമ്പസാരിച്ചു് വി. കർബാന സ്വീകരിക്കുകയും ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയുംചെയ്തു. അന്നുമുതൽ സന്തോഷപൂർവ്വമായ ഒരു കുടുംബജീവിതം അവർ നയിച്ചു.

ഭക്തയായ ഭാര്യയുടെ പ്രാർത്ഥനയും വിവേകപൂർണ്ണമായ സമീപനവും വി. യൗസേപ്പിൻെറ മാദ്ധ്യസ്ഥവും വഴി ആ കുടുംബം രക്ഷപെടുകയായിരുന്നു.

## III

വളരെ വർഷങ്ങരം മുമ്പു് ഇററലിയിലെ ഒരു ഗ്രാമത്തിൽ മദ്ധ്യവയസ്കനായ ഒരു പിതാവും ഒരു പിഞ്ചുബാലികയും ജീവിച്ചിരുന്നു. ഭാര്യയുടെ മരണം ആ നല്ല ഭർത്താവിനെയും പിഞ്ചുകഞ്ഞിനെയും തീരാദുഃഖത്തിലാഴ്ത്തി. എങ്കിലും ദൈവത്തിലാശ്രയിച്ചു് അവർ സന്തോഷത്തോടെ ജീവിച്ചുപോന്നു. അങ്ങനെയിരിക്കെ നിശബ്ദത ഭേദിച്ചു് ആ ഭവനത്തിൽനിന്നും ഒരു ദീനരോദനം അയൽവീട്ടുകാർ ശ്രവിച്ചു. അയൽക്കാർ ഓടി ഭവനത്തിലെത്തിയപ്പോരം കണ്ടകാഴ്ച, അത്യന്തം ദയനീയമായിരുന്നു. മരണത്തോടു മല്ലടിക്കുന്ന കുടുംബനാഥൻെറ വിളറിയ ശരീരമാണു് അവർ കണ്ടതു്. ഏകാശ്രയമായ പ്രിയപ്പെട്ട പിതാവിൻെറ കിടക്കയ്ക്കരുകിൽ കിടന്നു നിലവിളിക്കുന്ന പിഞ്ചുബാലികയെ ആശ്വസിപ്പിക്കുവാൻ അവർക്കു സാധിച്ചില്ല. അയൽവാസിയായ സ്ത്രീ കുട്ടി

malankaralibrary.com

ന്മേൽനിന്നു് ജപമാലചൊല്ലിക്കൊണ്ടിരുന്ന നേരം പു ലർച്ചയാകാറാകുന്നു. തത്സമയം ദേവാലയത്തിൽനിന്നും മണിനാദം മുഴങ്ങുന്നു. അപ്പോഴാണു് അന്നു് വിശുദ്ധ യൗ സേപ്പിൻെറ തിരുനാളാണു് എന്നു് അവർ ഓർത്തതു്. ഉടനെതന്നെ ബാലിക മുട്ടിന്മേൽനിന്നു് കണ്ണീരൊഴുക്കി കൊണ്ടു് പ്രാർത്ഥിച്ചു: 'തിരുക്കുടുംബത്തിൻെറ പാലക നായ വി. യൗസേപ്പിതാവെ എൻെറ പ്രിയപ്പെട്ട അപ്പ ച്ചൻെറ രോഗം മാററി ഞങ്ങളെ രക്ഷിക്കണമേ' എന്നു്. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി രോഗത്തിനു് ആശ്വാസം കണ്ടുതുടങ്ങി. ക്രമേണ രോഗി എഴുന്നേററി രുന്നു ഭക്ഷണവും മരുന്നും കഴിച്ചു. സാവധാനം രോഗ വിമുക്തനായി. ബാലികയുടെ മനസ്സുരുകിയുള്ള പ്രാർത്ഥന വി. യൗസേപ്പ പിതാവു് ഫലപ്രാപ്തിയിലെത്തിച്ചു.

malankaralibrary.com

## മാർ യൗസേപ്പുപിതാവിനോടുള്ള ജപം

ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, ഞങ്ങളുടെ അനൎത്ഥങ്ങളിൽ അങ്ങേപ്പക്കൽ ഓടിവന്നു് അങ്ങേ മാദ്ധ്യസ്ഥതയെ ഞങ്ങൾ ഇപ്പോൾ മനോശരണത്തോടുകൂടെ യാചിക്കുന്നു.

ദൈവജനനിയായ അമലോത്ഭവ കന്യകയോടു അങ്ങേ ഒന്നിപ്പിച്ച ദിവ്യസ്നേഹത്തെക്കുറിച്ചും ഉണ്ണീശോയെ അങ്ങു് ആലിംഗനംചെയ്ത അങ്ങേ പൈതൃകമായ സ്നേഹത്തെക്കുറിച്ചും ഈശോ മിശിഹാ തന്റെ തിരുരക്തത്താൽ നേടിയ അവകാശത്തിന്മേൽ കൃപയോടെ നോക്കണമെന്നും അങ്ങേ ശക്തിയാലും മഹത്വത്താലും ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമെന്നും സവിനയം അങ്ങയോടു് ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

തിരുക്കുടുംബത്തിന്റെ എത്രയും വിവേകമുള്ള സംരക്ഷകനെ ഈശോമിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ആദരിക്കണമേ. എത്രയും സ്നേഹമുള്ള പിതാവേ! അബദ്ധത്തിന്റെയും വഷളത്വത്തിന്റെയും കറകളൊക്കെയിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമേ. ഞങ്ങളുടെ ഏത്രയും വല്ലഭനായ പാലകാ! അന്ധകാരങ്ങളുടെ ശക്തികളോടു് ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ സ്വൎഗ്ഗത്തിൽനിന്നു ഞങ്ങളെ കൃപയോടെ സഹായിക്കണമേ.

അങ്ങുന്നു് ഒരിക്കൽ ഉണ്ണീശോയെ മരണകരമായ അപകടത്തിൽനിന്നു രക്ഷിച്ചതുപോലെ ഇപ്പോൾ ദൈവത്തിന്റെ തിരുസ്സഭയെ ശത്രുവിന്റെ കെണിയിൽനിന്നും എല്ലാആപത്തുകളിൽനിന്നും കാത്തുകൊള്ളണമേ. ഞങ്ങൾ അങ്ങേ മാതൃക അനുസരിച്ചു് അങ്ങേ സഹായത്താൽ ബലം പ്രാപിച്ചു് പുണ്യജീവിതം കഴിപ്പാനും നല്ല മരണം ലഭിച്ചു് സ്വൎഗ്ഗത്തിൽ നിത്യഭാഗ്യം പ്രാപിപ്പാനും തക്കവണ്ണം അങ്ങേ മദ്ധ്യസ്ഥത്താൽ ഞങ്ങളെല്ലാവരേയും എല്ലായ്പ്പോഴും കാത്തുകൊള്ളണമേ. ആമ്മേൻ.

malankaralibrary.com

## മാർ യൗസേപ്പ് പുണ്യപിതാവിനെക്കുറിച്ച് പരിശുദ്ധ ത്രിത്വത്തോട് ജപം

സർവ്വശക്തനായ പിതാവേ! അങ്ങേ സ്ഥാനക്കാരനായി വിശുദ്ധ യൗസേപ്പു പിതാവിനെ നിയമിച്ചതിനാൽ അങ്ങേയ്ക്കു സ്തുതിയായിരിക്കട്ടെ. ഈ മഹിമയേറിയ അതിശയത്തെക്കുറിച്ച് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

ഞങ്ങളുടെ രക്ഷിതാവായ പുത്രൻ തമ്പുരാനെ അങ്ങേ പിതാവിന്റെ സ്ഥാനത്തിൽ മാർ ഔസേപ്പുപിതാവിനെ അങ്ങു തിരഞ്ഞെടുത്തതിനാൽ അങ്ങേയ്ക്കു സ്തുതിയായിരിക്കട്ടെ: ഈ മഹിമയേറിയ അതിശയത്തെക്കുറിച്ച് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ! അങ്ങേ മണവാട്ടിയായ പരിശുദ്ധ കന്യാമറിയത്തിനു ഭർത്താവായിട്ടു വിശുദ്ധ യൗസേപ്പുപിതാവിനെ കല്പിച്ചതിനാൽ അങ്ങേയ്ക്കു സ്തുതിയായിരിക്കട്ടെ. ഈ മഹിമയേറിയ അതിശയത്തെക്കുറിച്ച് അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

ooo

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com



# വിശുദ്ധ യൗസേപ്പ്

malankaralibrary.com